പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1223 — 12/06/2014 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ ഇ-ഗവേണൻസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ. | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ഇ-ഗവേണൻസുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികൾ പുരോഗമിക്കുകയാണ്. സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് നൽകി വരുന്ന സേവനങ്ങൾ സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിനായി കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പിലാക്കുകയും, ഇതിലൂടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് ആധാരവിവരങ്ങൾ ഇന്റർനെറ്റ് മുഖാന്തിരം അറിയുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരങ്ങളുടെ ഇ-സബ്മിഷൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഇ-പേയ്മെന്റ് സൗകര്യം, ഡിജിറ്റൽ ഒപ്പ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതോടെ ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ നൽകാനാവുന്നതാണ്. |
| സി) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും നെറ്റ്വർക്ക് വഴി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും നെറ്റ് അധിഷ്ഠിതമാണ്. മറ്റ് ജില്ലകളിൽ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.